
റഹ്മാൻ കുറ്റിക്കാട്ടൂർ

# ഇന്ത്യൻ വാർത്തയുടെ വർത്തമാനം




**കാവിപ്പശു**
ഗുജറാത്ത് വംശഹത്യമുതൽ
ഇന്ത്യൻ മാധ്യമങ്ങളുടെ നിലപാടുകൾ
**രവീന്ദ്രൻ രാവണേശ്വരം**
പേജ് 280, വില 130 രൂപ.

ഫോർത്ത് എസ്റ്റേറ്റ് പബ്ലിഷേഴ്സ്
ഡോർ നം: 11
ഡോൺബോസ്കോ റോഡ്
മംഗലാപുരം.

**വാർത്ത**യുടെ രാഷ്ട്രീയ പരിണാമം ഉച്ചസ്ഥായിയിലെത്തിയ ആഗോളവത്കരണ കാലത്ത് ഗ്ലോസറി ഓഫ് ജേർണലിസത്തിൽനിന്നും മൂല്യം എന്ന വാക്ക് പിഴുതെറിയപ്പെട്ടതെങ്ങനെ? കലാപങ്ങൾ സ്പോൺസർ ചെയ്യുകയും അപരനെ നിർമിക്കുകയും ചെയ്ത മീഡിയാ മാനേജ്മെന്റ് ഫോർത്ത് എസ്റ്റേറ്റ് എന്ന വിശുദ്ധ നാമത്തിന് അർഹമാണോ?

കലാപകാലത്തെ പത്രപ്രവർത്തനം സത്യങ്ങളെ കുഴിച്ചുമൂടുകയും എരിതീയിൽ എണ്ണ പകരുകയും ചെയ്ത ഭൂത-വർത്തമാന അനുഭവങ്ങൾ പരിശോധിക്കുന്ന പുസ്തകമാണ് രവീന്ദ്രൻ രാവണേശ്വരത്തിന്റെ *കാവിപ്പശു*.

പത്രപ്രവർത്തനം ലാഭോന്മുഖ വ്യവസായമായി മാറിയപ്പോൾ സാമ്രാജ്യത്വത്തിന്റെ അജണ്ടയായ ഫാഷിസവും വർഗീയതയും അതിന്റെ ഉൽപന്നങ്ങളായി വിപണി കൈയടക്കി. 9/11നുശേഷം ഇസ്ലാമോഫോബിയയുടെ പ്രചാരണം സാധിച്ചെടുത്തത് മീഡിയയിലൂടെയായിരുന്നു. ഇതിന്റെ ആഗോളസാധ്യതകൾ ഉപയോഗപ്പെടുത്തിയാണ് വംശീയതയും വർഗീയതയും വളർന്നു പെരുകിയത്. ഇസ്ലാംപേടി വളർത്തുന്നതിലും മുസ്ലിം സമൂഹത്തെ പ്രതിക്കൂട്ടിൽ നിർത്തുന്നതിലും മീഡിയ വഹിച്ച പങ്ക് പലരും പഠന വിധേയമാക്കിയിട്ടുണ്ട്.

എന്നാൽ ഇന്ത്യയിലെ വംശീയ കലാപത്തിൽ പത്രങ്ങൾ വഹിച്ച പങ്ക് വെളിച്ചത്തുകൊണ്ടുവന്ന പഠനങ്ങളും അനുഭവക്കുറിപ്പുകളും ചില നിരീക്ഷണങ്ങളിൽ ഒതുങ്ങുകയായിരുന്നു. സ്വയം വിചാരണ ചെയ്യാൻ മീഡിയ ഒരുക്കമായിരുന്നില്ല. മതങ്ങളെയും വംശങ്ങളെയും മാധ്യമങ്ങൾ പതിച്ചെടുക്കുമ്പോൾ വർഗീയ കലാപങ്ങൾ മാധ്യമങ്ങളുടെ എണ്ണപ്പാടങ്ങളായി മാറുന്നു. 'പൊതുജന'ങ്ങളെ മാധ്യമങ്ങൾതന്നെ ഇല്ലാതാക്കുമ്പോൾ അവർക്ക് ഫോർത്ത് എസ്റ്റേറ്റ് എന്ന പദവി നൽകി ആദരിക്കേണ്ടതുണ്ടോ എന്ന ചോദ്യം ഉയർത്തുകയാണ് പത്രപ്രവർത്തകനായ രവീന്ദ്രൻ രാവണേശ്വരം *കാവിപ്പശു* എന്ന ഗ്രന്ഥത്തിൽ.

കലാപകാലത്തെ പത്ര'ധർമം' നിശിതമായ വിമർശനത്തിന് വിധേയമാക്കുന്നുണ്ട് ഗ്രന്ഥകാരൻ. ഗുജറാത്ത് വംശഹത്യ, മുംബൈ തീവ്രവാദി ആക്രമണങ്ങൾ, കർണാടകയിലെ തീവ്രവാദി വേട്ട, ദക്ഷിണ

കനറയിലെ കലാപങ്ങൾ, ബട്ല ഹൗസ് ഏറ്റുമുട്ടൽ തുടങ്ങിയ സംഭവങ്ങളിൽ വിവിധ ഇന്ത്യൻ പത്രമാധ്യമങ്ങളും ചാനലുകളും സ്വീകരിച്ച നിലപാടുകൾ തെളിവുകൾ സഹിതം പരിശോധിക്കുകയാണ് *കാവിപ്പശു*. കർണാടകയിലെ വിവിധ കലാപങ്ങൾ റിപ്പോർട്ട് ചെയ്ത ലേഖകനാണ് ഗ്രന്ഥകർത്താവ്. അതുകൊണ്ടു തന്നെ വിവരണങ്ങൾ ആധികാരികമാണ്.

മാധ്യമങ്ങൾ വർഗീയവത്കരിക്കപ്പെടുന്നതിന്റെ വിപത്ത് ഗ്രന്ഥത്തെക്കുറിച്ച എൻ.പി രാജേന്ദ്രന്റെ പഠനത്തിലുണ്ട്. ഗുജറാത്ത് വംശഹത്യയിൽ അവിടത്തെ രണ്ട് പത്രങ്ങൾ വിഷം പുരട്ടിയ അക്ഷരങ്ങൾ കൊണ്ട് ഒരു ജനതയെ കശാപ്പിനു എറിഞ്ഞുകൊടുക്കുകയായിരുന്നു എന്ന് *ഗുജറാത്ത് സന്ദേശ്, ഗുജറാത്ത് സമാചാർ* എന്നീ രണ്ട് പത്രങ്ങളുടെ റിപ്പോർട്ടിംഗ് ഉദ്ധരിച്ച് ഗ്രന്ഥത്തിൽ ചൂണ്ടിക്കാട്ടുന്നു. ദക്ഷിണ കനറയിൽ ഗുജറാത്ത് വംശഹത്യയുടെ രണ്ടാം വരവ് ആഘോഷിക്കാൻ ഒരുക്കങ്ങൾ നടത്തിയതും മീഡിയയിലൂടെയായിരുന്നു. ഇതിന് മതനിരപേക്ഷ കോൺഗ്രസ് അനുകൂല പത്രമായിരുന്ന *ഉദയവാണി* പോലും ഹിന്ദു വൈകാരികതയുടെ പഥസഞ്ചലനത്തിൽ കൂട്ടുചേർന്നു. ഇത് ദക്ഷിണ കനറയെ വർഗീയമായി വിഭജിക്കാൻ സഹായിച്ചു. അങ്ങനെ ഗുജറാത്തിൽ *സമാചാറും സന്ദേശും* നിർവഹിച്ച ദൗത്യം കർണാടകയിൽ *ഉദയവാണിക്ക്* നിർവഹിക്കാൻ കഴിഞ്ഞു.


സംഘ്പരിവാറിനെ ആക്ടിവേറ്റ് ചെയ്യാൻ മാധ്യമങ്ങൾ നടത്തിയ ശ്രമങ്ങൾ പുസ്തകത്തിൽ അക്കമിട്ട് നിരത്തുന്നു. നവ മാധ്യമങ്ങളായ മൊബൈൽ, ഇ-മെയിൽ, വെബ് സൈറ്റ് തുടങ്ങിയവ വർഗീയകലാപത്തെ സഹായിച്ചതെങ്ങനെയെന്നും പരിശോധിക്കുന്നു. വംശഹത്യക്ക് അഭിവാദ്യമർപ്പിച്ച് മുഖ്യമന്ത്രി നരേന്ദ്രമോഡിയുടെ വെബ് സൈറ്റിലേക്ക് ലഭിച്ച സന്ദേശങ്ങൾ അടിസ്ഥാനമാക്കി കൂട്ടക്കൊലയിലെ കൂട്ടുകാരനെ ചൂണ്ടികാണിക്കുന്നു. അതേസമയം കലാപകാലത്ത് മാധ്യമ പ്രവർത്തകർ പ്രവർത്തിക്കേണ്ടത് എങ്ങനെയാണെന്നും ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു.

വംശഹത്യക്കിടയിൽ ന്യൂനപക്ഷ സമൂഹം കൊത്തിനുറുക്കപ്പെട്ടത് സത്യങ്ങളുടെ കാവൽക്കാരാവേണ്ട പത്രപ്രവർത്തകരിലൂടെയുമായിരുന്നു എന്ന സത്യം ഈ ഗ്രന്ഥത്തിൽ ഉദാഹരണ സഹിതം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആഗോള ഇസ്‌ലാംപേടി ഇന്ത്യൻ മാധ്യമങ്ങളെ പിടികൂടി എന്ന് ഗ്രന്ഥകാരൻ സമർഥിക്കുന്നില്ലെങ്കിലും ഒരു സമൂഹത്തിന്റെ സ്വബോധത്തെ മീഡിയ മുറിവേൽപിക്കുന്നു എന്നതിന് ഈ ഗ്രന്ഥത്തിൽ തെളിവുകൾ ഏറെയുണ്ട്.

സർക്കുലേഷനു വേണ്ടി മാധ്യമ പക്ഷം കാണിക്കുന്ന അതിരുവിടലുകൾ മുറിവേറ്റു വീണവരുടെ വാക്കുകൾക്ക് വില കൽപിക്കുന്നില്ല. പൊതുവായനയുടെ പക്ഷം നിൽക്കാൻ കഴിയുന്ന മീഡിയ ഇനിയും ഉണ്ടാകണം എന്നാണ് ഗ്രന്ഥം നൽകുന്ന മുന്നറിയിപ്പ്. ■

---

## സാമ്പത്തിക പ്രതിസന്ധി: പ്രശ്നം അപഗ്രഥനം പരിഹാരം




**സാമ്പത്തിക പ്രതിസന്ധി**
**പ്രശ്നം അപഗ്രഥനം പരിഹാരം**
**എം.എം അക്ബർ**
പേജ് 287, വില 120.
ദഅ്‌വാ ബുക്സ്,
വൈറ്റില, കൊച്ചി-19.

**സാമ്പത്തിക** പ്രതിസന്ധി ലോകരാഷ്ട്രങ്ങളെ പിടിച്ചുകുലുക്കി. സമൂഹജീവിതത്തിന്റെ എല്ലാ തുറകളിലും അതിന്റെ പ്രതിഫലനങ്ങളുണ്ടായി. ആഗോള സാമ്പത്തിക പ്രതിസന്ധിയും അതിന്റെ തുടർച്ചയായ സാമ്പത്തിക മാന്ദ്യവും അന്താരാഷ്ട്ര വേദികളിൽ സജീവമായി ചർച്ച ചെയ്യപ്പെടുന്നു. 1930കളിൽ അമേരിക്കയിലുണ്ടായ മഹാമാന്ദ്യത്തിന് സമാനമാണ് ഇന്നത്തെ പ്രതിസന്ധിയെന്ന് വിദഗ്ധർ വിലയിരുത്തുന്നു. ഈ വിഷയത്തിന്റെ ബഹുതലങ്ങളിലേക്ക് വെളിച്ചം വീശുന്ന കൃതിയാണ് എം.എം അക്ബറിന്റെ 'സാമ്പത്തിക പ്രതിസന്ധി പ്രശ്നം, അപഗ്രഥനം, പരിഹാരം' എന്ന പുസ്തകം.

എന്താണ് സാമ്പത്തിക പ്രതിസന്ധി, എന്തുകൊണ്ട് ആധുനിക സാമ്പത്തിക ക്രമത്തിൽ പ്രതിസന്ധികൾ ഉണ്ടാകുന്നു, നിർദേശിക്കപ്പെടുന്ന പരിഹാരങ്ങൾ എത്രത്തോളം പ്രായോഗികമാണ്, സാമ്പത്തിക പ്രതിസന്ധിയുടെ യഥാർഥ പരിഹാരമെന്ത്, ഇസ്‌ലാമിന്റെ അധ്യാപനങ്ങളെന്തൊക്കെ തുടങ്ങിയ വിഷയങ്ങളാണ് പുസ്തകത്തിൽ വിശകലനം ചെയ്യപ്പെടുന്നത്. മൂന്ന് ഭാഗങ്ങളിൽ പതിനഞ്ച് അധ്യായങ്ങളിലായി വിഷയം സമഗ്രമായി കൈകാര്യം ചെയ്യാൻ ഗ്രന്ഥകാരന് സാധിച്ചിട്ടുണ്ട്.

'പ്രശ്നം' എന്ന ഒന്നാം ഭാഗത്തിൽ, മുതലാളിത്തവും സ്വതന്ത്ര വിപണിയും: ഒരു ചരിത്രാന്വേഷണം, മതവും രാഷ്ട്രീയവും, അമേരിക്കൻ പ്രതിസന്ധി ചരിത്രവും കാരണങ്ങളും എന്നിങ്ങനെ മൂന്ന് അധ്യായങ്ങളുണ്ട്. സമ്പത്ത് നൽകിയവനെ അറിയുക, ധനം ശാശ്വതമല്ല, ധനമുള്ളവൻ തന്നിഷ്ടക്കാരനാകരുത്, ഉൽപാദനം ജനനന്മക്ക്, ധാർമിക നിയമങ്ങൾ അനുസരിക്കണം,വിപണനതന്ത്രങ്ങളുടെ പേരിൽ സമൂഹത്തെ തകർക്കരുത്, ജനപ്പെരുപ്പം ശാപമല്ല അനുഗ്രഹമാണ്, നാണയവ്യവസ്ഥ മാറണം, പലിശയാണ് പ്രശ്നം എന്നിവയാണ് 'അപഗ്രഥനം' എന്ന രണ്ടാം ഭാഗത്തിലെ അധ്യായങ്ങൾ.

'പരിഹാരം' എന്ന മൂന്നാം ഭാഗത്തിൽ മാർക്സ് തിരിച്ചുവരുമോ? ക്സിനോഫോൺ മുതൽ അമൃത്യാസെൻ വരെ, മുകളിൽ നിന്നുള്ള പരിഹാരം താഴെയുള്ള പ്രശ്നങ്ങൾക്ക് എന്നിങ്ങനെ മൂന്ന് അധ്യായങ്ങൾ. സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട മികച്ച പുസ്തകങ്ങളിലൊന്നാണിത്. ■